**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6789** **21-03-2023 - ൽ മറുപടിയ്ക്ക്**

**തിരൂർ മണ്ഡലത്തിൽ പുതിയ ഐ.ടി.ഐ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 വർഷത്തെ ബജറ്റിൽ തീരദേശ, മലയോര മേഖലകളിൽ പുതിയ ഐ.ടി.ഐ.കൾ ആരംഭിക്കുമെന്ന പ്രഖ്യാപനത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | **(എ)** 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ തീരദേശ മലയോര മേഖലകളിൽ പുതിയ ഐ.ടി.ഐകൾ ആരംഭിക്കാൻ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ തുടർച്ചയായി വകുപ്പിലെ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് ഉദ്യോഗസ്ഥരെ അവരവരുടെ അധികാരപരിധിയിലുള്ള തീരപ്രദേശവുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, ബഹു.നിയമസഭാംഗങ്ങൾ എന്നിവരെ നേരിൽകണ്ട് വിഷയം അവതരിപ്പിച്ച് ഐ.ടി.ഐ ആരംഭിക്കാൻ സാധ്യതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനവുമായി സമ്മതപത്രം (ഐ.ടി.ഐ സ്ഥാപിക്കുന്നതിന് പര്യാപ്തവും, അനുയോജ്യവുമായ സ്ഥലം സൗജന്യമായി ലഭ്യമാക്കാമെന്നും സ്ഥലം ലഭ്യമാക്കി അവിടെ കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിക്കുന്നതു വരെ ഐ.ടി.ഐ തുടങ്ങുന്നതിനാവശ്യമായ വാടക രഹിത കെട്ടിടം, വൈദ്യുതി, ജലം, ഫർണിച്ചർ എന്നിവ സൗജന്യമായി ലഭ്യമാക്കാമെന്നും) ഉൾപ്പെടെ ഡി.പി.ആർ തയ്യാറാക്കി ലഭ്യമാക്കാൻ ചുമതല പ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | തിരൂർ മണ്ഡലത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കണമെന്ന അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ? | (ബി) | **(ബി)** തിരൂർ മണ്ഡലത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കണമെന്ന അപേക്ഷയിന്മേൽ സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ പാലക്കാട് ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗിനെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ